LIVE TV (/LIVE-TV) UNDEFINED) LANGUAGES (JAVASCRIPT:VOID(0))

Malayalam News (/) > Magazine (/Magazine) > Culture (/Culture-Magazine)

# സാമൂഹികാകലം പാലിക്കാൻ പണ്ടത്തെ 'വൈൻ വിൻഡോ'കൾ; വീണ്ടും ഉപയോഗിക്കപ്പെടുന്നത് ഇങ്ങനെ

By Web Team (/author/web-team/505eb3cc-6d2a-5f3a-aa1a-b10521c5a3e5)

*Florence, First Published 23, Aug 2020, 4:13 PM*



(https://www.facebook.com/sharer/sharer.php?u=https://www.asianetnews.com/culture-magazine/wine-windows-in-tuscany-qfij4o&picture=https://static.asianetnews.com/images/01egde88sz1nzszy4hscef646c/new-project--3--jpg.jpg&title=സാമൂഹികാകലം പാലിക്കാൻ പണ്ടത്തെ 'വൈൻ വിൻഡോ'കൾ; വീണ്ടും ഉപയോഗിക്കപ്പെടുന്നത് ഇങ്ങനെ&description=അന്നത്തെ കാലത്ത് ഭൂരിഭാഗം ഭൂവുടമകളും ഇങ്ങനെ വൈൻ വിൽപന നടത്തുന്നതിനായി ഒരു ജാലകം നിർമ്മിച്ചിട്ടുണ്ടായിരുന്നു. അതിൽ പലതും പിന്നീട് നശിച്ചുപോയി. )

(https://twitter.com/share?text=%E0%B4%B8%E0%B4%BE%E0%B4%AE%E0%B5%82%E0%B4%B9%E0%B4%BF%E0%B4%95%E0%B4%BE%E0%B4%95%E0%B4%B2%E0%B4% magazine/wine-windows-in-tuscany-qfij4o)

(https://reddit.com/submit?url=https://www.asianetnews.com/culture-magazine/wine-windows-in-tuscany-qfij4o&title=സാമൂഹികാകലം പാലിക്കാൻ പണ്ടത്തെ 'വൈൻ വിൻഡോ'കൾ; വീണ്ടും ഉപയോഗിക്കപ്പെടുന്നത് ഇങ്ങനെ)

(whatsapp://send?text=സാമൂഹികാകലം പാലിക്കാൻ പണ്ടത്തെ 'വൈൻ വിൻഡോ'കൾ; വീണ്ടും ഉപയോഗിക്കപ്പെടുന്നത് ഇങ്ങനെ https://www.asianetnews.com/culture-magazine/wine-windows-in-tuscany-qfij4o)

## HIGHLIGHTS

അന്നത്തെ കാലത്ത് ഭൂരിഭാഗം ഭൂവുടമകളും ഇങ്ങനെ വൈൻ വിൽപന നടത്തുന്നതിനായി ഒരു ജാലകം നിർമ്മിച്ചിട്ടുണ്ടായിരുന്നു. അതിൽ പലതും പിന്നീട് നശിച്ചുപോയി.

അസാധാരണമായ സാഹചര്യമാണ് ഇന്ന് നമുക്ക് മുന്നിലുള്ളത്. അതുകൊണ്ടുതന്നെ നമുക്ക് പരിചയമില്ലാത്ത പല ശീലങ്ങളും ജീവിതരീതികളും നാം പരിചയിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ പതിനാറാം നൂറ്റാണ്ടിൽ പ്ലേഗ് പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ വൈൻ കൈമാറുന്നതിനായി ഫ്ലോറൻസിൽ ഒരു ജാലക സംവിധാനം ഉപയോഗിച്ചിരുന്നു. അതാണ് 'വൈൻ വിൻഡോസ്', അഥവാ വീഞ്ഞ് കൈമാറാനുള്ള ജാലകങ്ങൾ.




ഈ ചെറിയ ജാലകങ്ങൾ ടസ്കാൻ തലസ്ഥാനത്തിന് ചുറ്റും, മനോഹരമായ കൊട്ടാരങ്ങളുടെ വലിയ പ്രവേശന കവാടങ്ങൾക്ക് സമീപത്ത് നമുക്ക് കാണാം. സമ്പന്ന കുടുംബങ്ങൾ വൈൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് അക്കാലത്ത് ഈ ജാലകങ്ങളിലൂടെ വൈൻ നേരിട്ട് നൽകാറുണ്ടായിരുന്നു. എന്നാൽ, പ്ലേഗ് കാലം കഴിഞ്ഞു, ജീവിതം മാറി, സംസ്കാരം മാറി, രീതി മാറി. പിന്നെയും കാലം കടന്നുപോയപ്പോൾ 30 സെന്റിമീറ്റർ ഉയരവും 20 സെന്റി മീറ്റർ വീതിയുമുള്ള ഈ കുഞ്ഞ് ജാലകങ്ങൾക്ക് ഉപയോഗമില്ലാതെയായി.

എന്നാലിപ്പോൾ ലോകമാകെ കൊറോണ വൈറസ് പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ വീണ്ടും ഉപയോഗപ്രദമായി മാറിയിരിക്കുകയാണ് ഈ വൈൻ ജാലകങ്ങൾ. വൈനിനു പകരം കോക്ടെയിലുകളും കോഫിയും മറ്റും ഇതിലൂടെ നൽകപ്പെടുന്നു. സാമൂഹികാകലം പാലിച്ചുകൊണ്ട് വിൽപന നടത്താനും ആവശ്യക്കാർക്ക് വാങ്ങിയുപയോഗിക്കാനും സാധിക്കുന്നുവെന്നതു തന്നെയാണ് ഈ പഴയ ജാലകങ്ങളെ വീണ്ടും പ്രാധാന്യമുള്ളതാക്കി മാറ്റുന്നത്.

ഫ്ലോറന്റൈൻ റിപ്പബ്ലിക്കിന്റെ പതനത്തെത്തുടർന്ന് 1532 -ൽ അധികാരത്തിൽ തിരിച്ചെത്തിയശേഷം മെഡിസി കുടുംബമാണ് അവ സൃഷ്ടിച്ചതെന്ന് പണ്ഡിതനായ മാസിമോ കാസ്പ്രിനി അഭിപ്രായപ്പെടുന്നു. ''മെഡിസി കുടുംബം കാർഷിക മേഖലയെ, പ്രത്യേകിച്ച് വലിയ ഭൂവുടമകളെ പ്രോത്സാഹിപ്പിക്കാൻ ആഗ്രഹിച്ചിരുന്നുവത്രെ. അതിനാൽ വലിയ ഫ്ലോറന്റൈൻ ഭൂവുടമകളെ ഒലിവ് തോട്ടങ്ങളിലും മുന്തിരിത്തോട്ടങ്ങളിലും നിക്ഷേപം നടത്താൻ പ്രോത്സാഹിപ്പിക്കുകയുണ്ടായി. അവരുടെ ഉൽപ്പന്നം നേരിട്ട് പട്ടണത്തിൽ വിൽക്കാൻ നികുതിയിളവും നൽകി" എന്ന് കാസ്പ്രിനി എഎഫ്പിയോട് പറഞ്ഞു.

സ്വയം തയ്യാറാക്കിയ വൈൻ മാത്രമാണ് ഭൂവുടമകൾക്ക് വിൽക്കാൻ അധികാരമുണ്ടായിരുന്നത്. മാത്രവുമല്ല, ഒരു തവണ 1.4 ലിറ്റർ മാത്രം വിൽക്കാനുള്ള അധികാരമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ, ഇത് ഇടനിലക്കാരനെ ഒഴിവാക്കിക്കൊണ്ടുള്ള കച്ചവടമായിരുന്നു. സാധാരണക്കാരനാവട്ടെ കടകളിൽ നിന്നും വാങ്ങുന്നതിനേക്കാൾ വില കുറച്ച് വൈൻ വാങ്ങാനുള്ള അവസരവും ഇതുവഴിയുണ്ടായി എന്ന് കാസ്പ്രിനി അഭിപ്രായപ്പെടുന്നു.

അതിനേക്കാളെല്ലാം ഉപരിയായിരുന്നു ഇത് അനുവദിച്ചുവന്ന സാമൂഹികാകലം. ഈ ജാലകങ്ങൾ മരപ്പാളികൾ വെച്ച് അടച്ചിരിക്കും. പ്ലേഗ് കാലത്ത് വൈൻ വാങ്ങാനെത്തുന്നവർ ഇതിൽ തട്ടിക്കഴിഞ്ഞാൽ അത് തുറക്കുകയും കാലിക്കുപ്പികളിൽ വൈൻ ഒഴിച്ചുനൽകുകയും ചെയ്യാറായിരുന്നു. പണം ഒരു പാത്രത്തിൽ ഇട്ട് നൽകുകയും അത് വിനാഗിരി ഉപയോഗിച്ച് അണുവിമുക്തമാക്കുകയും ചെയ്യുമത്രെ. അതായത് നേരിട്ടുള്ള സമ്പർക്കം വിൽപ്പനക്കാരനും ഉപഭോക്താവും തമ്മിലുണ്ടാവുന്നില്ല എന്നർത്ഥം.

ഇതുപോലെയുള്ള 267 വൈൻ ജാലകങ്ങൾ ടസ്കനിയിൽ കണ്ടെത്തിയിട്ടുണ്ട്. അതിൽ 149 -ഉം ഫ്ലോറൻസിലാണ്. ഒരുപക്ഷേ, യഥാർത്ഥ എണ്ണം




ഇതിലും എത്രയോ കൂടുതലായിരിക്കും. അന്നത്തെ കാലത്ത് ഭൂരിഭാഗം ഭൂവുടമകളും ഇങ്ങനെ വൈൻ വിൽപന നടത്തുന്നതിനായി ഒരു ജാലകം നിർമ്മിച്ചിട്ടുണ്ടായിരുന്നു. അതിൽ പലതും പിന്നീട് നശിച്ചുപോയി. പ്രത്യേകിച്ച് രണ്ടാം ലോക മഹായുദ്ധ സമയത്ത് ബോംബിംഗിൽ പലതും തകർക്കപ്പെട്ടു. പക്ഷേ, ചിലതെല്ലാം ഇതിനെയെല്ലാം അതിജീവിച്ച് ഇന്നും നിലനിൽക്കുന്നു. ചിലതെല്ലാം മതിൽകെട്ടി മറച്ചുപോകപ്പെട്ടു. എങ്കിലും അവയുടെ അവശേഷിപ്പുകൾ പലയിടത്തും കാണാം. നിയമപ്രകാരം സംരക്ഷിക്കപ്പെട്ടിട്ടും, 2005 -ലെ ആദ്യ സെൻസസ് മുതൽ മൂന്ന് ജാലകങ്ങൾ ഇതിനകം അപ്രത്യക്ഷമായിട്ടുണ്ടെന്ന് കാസ്പ്രിനി പറഞ്ഞിരുന്നു. ശേഷിക്കുന്ന ചിലതെല്ലാം ബാറുകളുടെയോ കഫേകളുടെയോ ഒക്കെ ഭാഗമായി.

ഏതായാലും കൊവിഡ് 19 വ്യാപകമായതോടെ ഈ ജാലകങ്ങളിൽ ചിലതെല്ലാം പുനരുപയോഗിക്കപ്പെടുന്നുണ്ട്. ഭക്ഷണവും കോഫിയുമെല്ലാം വിൽക്കാനുള്ള ഇടമായി അത് രൂപം മാറുകയും ചെയ്യുന്നു.




**Read Exclusive COVID-19 Coronavirus (https://www.asianetnews.com/coronavirus) News updates, from Kerala (https://www.asianetnews.com/coronavirus-kerala), India (https://www.asianetnews.com/coronavirus-india) and World (https://www.asianetnews.com/coronavirus-world) at Asianet News.**

*Last Updated 23, Aug 2020, 4:13 PM*

social distancing (/topic/social-distancing) corona virus (/topic/corona-virus) covid 19 (/topic/covid-19) plague (/topic/plague) wine windows (/topic/wine-windows) വൈൻ വിൻഡോ (/topic/വൈൻ-വിൻഡോ)

ഫ്ലോറൻസ് (/topic/ഫ്ലോറൻസ്) ടസ്കനി (/topic/ടസ്കനി)

Post your Comment

**DOWNLOAD APP**

ASIANET NEWS APP ON Google Play (https://play.google.com/store/apps/details?id=com.vserv.asianet)

ASIANET NEWS APP ON App Store (https://itunes.apple.com/in/app/asianet-news/id1093450032?mt=8)

asianetnews.com GAMES (https://www.asianetnews.com/games?utm_source=malayalam&utm_medium=banner&utm_campaign=games)

RELATED STORIES